MEDICAL MISSIONARY
TIRUVALLA MEDICAL MISSION News Bulletin 2021/OCT - DEC.

# TMMന് പുതിയ ഭരണസമിതി

ദിവാൻ ബഹാദൂർ ഡോ. വി. വർഗീസ് ഹോസ്പിറ്റൽ ട്രസ്റ്റ് അസോസിയേഷന്റെ വാർഷിക പൊതുയോഗം ആഗസ്റ്റ് 14ന് നടന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സണ്ണി തോമസ് (ചെയർമാൻ) ജോൺ ബഞ്ചമിൻ (വൈസ് ചെയർമാൻ), ബെന്നി ഫിലിപ്പ് (സെക്രട്ടറി), ജേക്കബ് ജോൺ (ജോ. സെക്രട്ടറി), എബി ജോർജ്ജ് (ട്രഷറർ), രാജു തോമസ് (ജോ. ട്രഷറാർ) എന്നിവരാണ് പുതിയഭാരവാഹികൾ. സണ്ണി ടി ഫിലിപ്പ്, അലക്സ് കുട്ടി എം.പി., ടോബി സ്കറിയ, ബിജു വർഗ്ഗീസ്, അനിൽ രാജൻ എന്നിവർ പൊതുസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ആശുപത്രിയുടെ ആരോഗ്യ പരിപാലന സംവിധാനങ്ങളും ആത്മികശുശ്രൂഷകളും ഒരുപോലെ മുമ്പോട്ട് നയിക്കുവാൻ ഭരണസമിതി ശ്രദ്ധപുലർത്തും എന്ന് ചെയർമാൻ വ്യക്തമാക്കി.

86 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഈ ദൈവികശുശ്രൂഷയിൽ മുൻഗാമികൾക്കുണ്ടായിരുന്ന മിഷനറി ദൗത്യവും ആത്മികദർശനവും ഒട്ടും കുറയാതെ കാത്തു സൂക്ഷിക്കുവാൻ തങ്ങൾ സമർപ്പിതരാണെന്നും അദ്ദേഹം വെളിപ്പെടുത്തി. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സമൂഹത്തിന്റെ പിന്തുണ ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

# 75–ാം സ്വാതന്ത്ര്യ ദിനാഘോഷം



രാഷ്ട്രത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഒരു മതനിരപേക്ഷ സ്വതന്ത്രരാജ്യം പുലരട്ടെ എന്ന് ആശംസിച്ചുകൊണ്ടും, ഭാരതത്തിന്റെ 75–ാം സ്വാതന്ത്ര്യദിനം റ്റി.എം.എം.ൽ ആഘോഷിച്ചു. ചെയർമാൻ സണ്ണി തോമസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബെന്നി ഫിലിപ്പ്, ട്രഷറാർ എബി ജോർജ്ജ്, സ്റ്റാഫ് അംഗങ്ങൾ എന്നിവരും പങ്കെടുത്തു. ചെയർമാൻ പതാക ഉയർത്തി. തുടർന്ന് സ്റ്റാഫിന്റെ മക്കളിൽ ഉന്നത പഠന നിലവാരം പുലർത്തിയ കുട്ടികളെ ആദരിച്ചു.

# കൂട്ട നടത്തം

ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെയും, ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ കൂട്ട നടത്തം സംഘടിപ്പിച്ചു. മുൻസിപ്പൽ ചെയർപേഴ്സൺ ബിന്ദു ജയകുമാർ ഉദ്ഘാടനം ചെയ്തു. വർദ്ധിച്ചുവരുന്ന ഹൃദ്രോഗം തടയാൻ ഹൃദയത്തിന്റെ ആരോഗ്യം സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും കൃത്യമായി വ്യായാമം ചെയ്യുന്നതോടൊപ്പം തുടർന്നുവരുന്ന ആഹാരരീതികളിൽ മാറ്റം വരുത്താൻ നാം തയ്യാറാകണമെന്നും അവർ പറഞ്ഞു.



ടി.എം.എം. സെക്രട്ടറി ബെന്നി ഫിലിപ്പ്, ട്രഷറർ എബി ജോർജ്ജ്, അഡ്മിനിസ്ട്രേറ്റർ ജോർജ്ജ് മാത്യു, മുനിസിപ്പൽ കൗൺസിലർ മാത്യൂസ് ചാലക്കുഴി എന്നിവർ പങ്കെടുത്തു. ഇതോടനുബന്ധിച്ച് പുഷ്അപ്പ് മത്സരവും ബോധവത്ക്കരണ പരിപാടികളും നടത്തി.

# നഴ്സിംഗ് പഠനം 75ൽ



ടി.എം.എമ്മിലെ നഴ്സിംഗ് വിദ്യാഭ്യാസത്തിന് പ്ലാറ്റിനം ജൂബിലിയുടെ നിറവ്. മദ്ധ്യതിരുവിതാംകൂറിൽ പ്രൈവറ്റ് മേഖലയിൽ ആദ്യമായി 1943ൽ ആരംഭിച്ച നഴ്സിംഗ് സ്കൂളിന്റെ 75–ാം ബാച്ച് ആണ് ഈ വർഷം പഠനം പൂർത്തിയാക്കിയത്. നഴ്സിംഗ് കോളജ് ആഡിറ്റോറിയത്തിൽ നടന്ന ജൂബിലിസമ്മേളനം ബഹു. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനംചെയ്തു.

മുൻ മന്ത്രി മാത്യു ടി. തോമസ് മുഖ്യാതിഥി ആയിരുന്നു. ഭരണസമിതി അംഗങ്ങളുൾപ്പടെ നിരവധി വിശിഷ്ടാതിഥികൾ സമ്മേളനത്തിൽ പങ്കെടുത്തു. യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കളായ ജിനോ ജി. ഐസക്, ശ്രുതി എ. റോയി എന്നിവർക്ക് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. കോളജ് സുവനീർ മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു. കേണൽ (റിട്ട.) അലക്സ് വർഗീസ്, ബെന്നി ഫിലിപ്പ്, പീറ്റർ ജോസഫ്, റെജി സാം ചെറിയാൻ തുടങ്ങി സമിതി അംഗങ്ങളും സംസാരിച്ചു.

## 15 സീറ്റ് കൂടെ

കേരള ഹെൽത്ത് യൂണിവേഴ്സിറ്റി ഈ അദ്ധ്യയനവർഷത്തിൽ ടി.എം.എം. നഴ്സിംഗ്കോളജിൽ 15 സീറ്റ് കൂടെ അനുവദിച്ചിരിക്കുന്നു. ഇപ്പോൾ മൊത്തം 65 സീറ്റ് ആണുള്ളത്.

## പുതിയ വെല്ലുവിളികൾ

**സണ്ണിതോമസ്**
**ചെയർമാൻ**



ആതുര ശുശ്രൂഷാമേഖല പുതിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കോവിഡ് ഉൾപ്പടെയുള്ള പ്രതിസന്ധികൾ സമസ്ത ലോകത്തെയും ബാധിച്ചിട്ടുണ്ട്. പ്രളയവും മഴക്കെടുതികളും നമ്മുടെ നാട്ടിൽ വലിയ പ്രതിസന്ധി ഉളവാക്കി.

കേവലം ഒരു രോഗചികിത്സാ കേന്ദ്രം എന്ന നിലയിൽ മാത്രമല്ലാതെ, മാനുഷികത്രിത്വത്തിന്റെ സമ്പൂർണ്ണ ചികിത്സയാണല്ലോ ടി.എം.എം. ലക്ഷ്യമാക്കുന്നത്. അതുകൊണ്ടുതന്നെ ആത്മികപ്പോരാട്ടവും ശക്തമാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ആശുപത്രിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സ്ഥാപനത്തിലെ ആത്മിക / മാനസിക പ്രവർത്തനങ്ങളും മുമ്പെന്നത്തെക്കാളും ഊർജ്ജിതമായി നടന്നുവരുന്നു.

സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കു തടസ്സം സൃഷ്ടിക്കാൻ സാത്താന്യശ്രമങ്ങൾ സമൃദ്ധമായിട്ടുണ്ട്. എല്ലാക്കാലത്തും അതുണ്ടായിരുന്നുതാനും. എന്നാൽ, സാത്താനെ പരാജയപ്പെടുത്തിയവൻ ഈ സ്ഥാപനത്തിന്റെ നടുനായകത്വം വഹിക്കുമ്പോൾ, പ്രതിസന്ധികളെയെല്ലാം, സുസ്ഥിരതയോടും, സംയമനത്തോടും കൂടെ നേരിടാൻ നമുക്ക് സാധിക്കും. ഇനിയും അതങ്ങനെതന്നെ ആയിരിക്കും.

ഓഗസ്റ്റ് 14ന് നടന്ന പൊതുസമിതിയിൽ ആശുപത്രിയുടെ മേൽനോട്ടം ഒരു പുതിയ ടീമിനെ ഏല്പിക്കുകയുണ്ടായി. എന്റെ മുൻഗാമികളുടെ ശൈലിതന്നെയാണ് ഞാനും പിന്തുടരുവാൻ ആഗ്രഹിക്കുന്നത്. അത്യുന്നതനായ ദൈവത്തിന്റെ അതിരില്ലാത്ത കൃപയും എന്റെ ബഹുമാന്യ സഹോദരങ്ങളായ നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയും എനിക്ക് അത്യന്താപേക്ഷിതമാണ്.



## മാറ്റത്തിന്റെ പാതയിൽ

**ബെന്നി ഫിലിപ്പ്**
**സെക്രട്ടറി**

നമ്മുടെ സ്ഥാപനങ്ങളിൽ എല്ലാ മേഖലയിലും സത്വര വികസനം നടന്നുകൊണ്ടിരിക്കുന്നു. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ 2022 മാർച്ചോടുകൂടി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. പുതിയ ഓക്സിജൻ പ്ലാന്റും ഇതിനോടകം സജ്ജമാകും. സ്പെഷ്യലിറ്റി ഡിപാർട്മെന്റുകൾ പുതിയതായി തുടങ്ങുവാനും ഇവയുടെ പ്രവർത്തനങ്ങൾ പൂർണ്ണ സമയമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. മന്ദമരുതിയും വാഴൂരും കോളജും വികസനത്തിന്റെ പാതയിലാണ്. നഴ്സിങ് വിദ്യാഭാസ രംഗത്തു റ്റി.എം.എം. 75 വർഷം പൂർത്തിയാക്കിയിരുന്നു. പിന്നണി പ്രവർത്തകരായ മാനേജ്മെന്റിന്റെയും, അഭ്യുദയകാംക്ഷികളുടെയും ഒപ്പം മെഡിക്കൽ ടീമിന്റെയും മറ്റ് സ്റ്റാഫിന്റെയും പ്രാർത്ഥനയും സമർപ്പണവുമാണ് സ്ഥാപനത്തെ മുമ്പോട്ട് നയിക്കുന്നത്. ഇനി ടി.എം.എം.ന് ഏറെ സഞ്ചരിക്കുവാനുണ്ട്. ഏവരുടെയും സഹകരണം പ്രതീക്ഷിക്കട്ടെ.

## ഗിൽമൂർ ഡേവീസ് ബ്ലോക്ക് സമർപ്പിച്ചു



**ജേക്കബ് അലക്സാണ്ടർ**
**മന്ദമരുതി സെക്രട്ടറി**



മന്ദമരുതി ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ സമർപ്പണ ശുശ്രൂഷ നടന്നു. കേണൽ (റിട്ട.) അലക്സ് വർഗീസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ജി.എം.ഐ. ചെയർമാൻ ജോർജ്ജ് പി. ജോൺ ഉദ്ഘാടനം ചെയ്തു. സുവി. ചാൾസ് ജോൺ സമർപ്പണ പ്രാർത്ഥന നടത്തി. സണ്ണി തോമസ്, ബെന്നി ഫിലിപ്പ്, ജോർജ്ജ് കോശി, ജോൺ ബെഞ്ചമിൻ, പീറ്റർ ജോസഫ്, സാബു ഏബ്രഹാം, റജി സാം എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. ജയ്സൺ വലിയകുളങ്ങര വചനശുശ്രൂഷ നിർവ്വഹിച്ചു.ജേക്കബ് അലക്സാണ്ടർ, ടി.ടി. തോമസ് എന്നിവർ പ്രാർത്ഥിച്ചു. മന്ദമരുതി ക്വയർ ഗാനങ്ങൾ ആലപിച്ചു. ചുറ്റുപാടുകളിലെ സഭകളിൽ നിന്നുള്ള വിശ്വാസികളും അഭ്യുദയകാംക്ഷികളും പങ്കെടുത്തു. മന്ദമരുതി ശാഖയുടെ മുൻ സെക്രട്ടറിയും ഇപ്പോഴത്തെ ചെയർമാനുമായ സണ്ണി തോമസിന്റെ അക്ഷീണ പരിശ്രമഫലമായാണ് ഈ സ്ഥാപനം ഇന്നത്തെ നിലയിലേക്കുയർന്നത് എന്നത് വിസ്മരിക്കാനാവില്ല.

രണ്ടും മൂന്നു നിലകളാണ് പുതുതായി സമർപ്പിച്ചത്. രോഗികൾക്കുവേണ്ടി 11 A/c Deluxe, IP മുറികൾ, അക്കൗണ്ട്സ് റൂം, ഡെന്റൽ റൂം, ഡോക്ടേഴ്സ് കൺസൾട്ടേഷൻ റൂം, നഴ്സസ് സ്റ്റേഷൻ എന്നിവയാണ് ഈ നിലകളിൽ ഉള്ളത്. പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ഇവിടെ ലഭ്യമാണ്.




ഒന്നാം ഘട്ട പണി പൂർത്തിയാക്കിയ മന്ദമരുതി ആശുപത്രി



## ടി.എം.എം. വാഴൂർ പ്ലാറ്റിനം ജൂബിലി നിറവിൽ

**ബിജു ഏബ്രഹാം**
**വാഴൂർ സെക്രട്ടറി**

ടി.എം.എം. വാഴൂരിനെ കഴിഞ്ഞ 75 വർഷം നിലനിർത്തിയ ദൈവത്തിന് എല്ലാ മഹത്വവും അർപ്പിക്കുന്നു. ജൂബിലി വർഷം പുതിയ കാൽവയ്പ്പുമായി പുരോഗതിയുടെ പാതയിലേക്ക് പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ജനറൽ മെഡിസിൻ, സർജറി, ഇ.എൻ.ടി. തുടങ്ങിയ വിഭാഗങ്ങൾ ഈ വർഷംതന്നെ പുനരാരംഭിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി 5 നിലകളിലുള്ള കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം ഉടനെ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447739893

# റെക്കോർഡിലേക്ക് പിറന്ന ഹരിണി



23 ആഴ്ചകൾ മാത്രം ഗർഭപാത്രത്തിൽ പിന്നിട്ടതിന് ശേഷം 97 ദിവസത്തെ ആശുപത്രിവാസം പൂർത്തിയാക്കി ബേബി ഹരിണി സസുഖം ഭവനത്തിലേക്ക് പോയി. ഇത്രയും കുറച്ചുകാലം മാത്രം ഗർഭാശയത്തിൽ കഴിച്ച് പുറത്തുവന്ന് സുരക്ഷിതയായ മധ്യതിരുവിതാംകൂറിലെ ആദ്യ ശിശുവാണ് ഹരിണി.

ഇക്കഴിഞ്ഞ മാർച്ച് 19ന് തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ പിറന്നുവീഴുമ്പോൾ ഹരിണിയുടെ ഗർഭപാത്രത്തിലെ പ്രായം 161 ദിവസം (23 ആഴ്ച മാത്രം) തൂക്കം 460 ഗ്രാമും. പുല്ലുവഴി കുറുങ്ങാട്ടുവീട്ടിൽ സുധീഷ് നായരുടെയും, പാർവ്വതിയുടെയും ആദ്യജാതയാണ് ഈ ശിശു. അമ്മയ്ക്ക് പലതവണ ഗർഭച്ഛിദ്രം നേരിട്ടിരുന്നു. ഇത്തവണയും ചില അസ്വസ്ഥതകൾ മൂലം 21 ആഴ്ചകൾ പൂർത്തിയായപ്പോൾ തന്നെ പാർവതി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ശിശുവിനെ എങ്ങനെയും സംരക്ഷിക്കുവാൻ മാതാപിതാക്കളും ആശുപത്രി അധികൃതരും ബദ്ധശ്രദ്ധരായിരുന്നു. റ്റി.എം.എം. ഗൈനക്കോളജി വിഭാഗത്തിലെ പ്രഗത്ഭമായ വൈദ്യസംഘമാണ് പ്രസവം എടുത്തത്. ഉടൻ തന്നെ ശിശുവിനെ നിയോ നേറ്റോളജി വിഭാഗത്തിലേക്ക് മാറ്റി. അവിടെ ഡോ. നെൽബി ജോർജ്ജ് മാത്യുവിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം, ഗർഭാശയ സമാനമായ അന്തരീക്ഷം ഐ.സി.യുവിൽ സൃഷ്ടിച്ചെടുക്കുകയായിരുന്നു. സ്വയം ശ്വസിക്കാൻ, ശ്വാസകോശം പക്വമാകാത്തതിനാൽ, ശിശുവിനെ ഉടനെ വെന്റിലേറ്ററിലേക്ക് മാറ്റി. അനിശ്ചിതത്വത്തിന്റെ 18 ദിനരാത്രങ്ങൾ. ഇതോടൊപ്പം അകാലജനനം കൊണ്ടുണ്ടായ മറ്റു ചില ആരോഗ്യപ്രശ്നങ്ങളും ശിശുവിനെ അലട്ടി. പകർച്ചവ്യാധികൾ എന്തെങ്കിലും നേരിട്ടാൽ കാര്യങ്ങൾ വഷളാകും എന്ന സ്ഥിതി.

ഡോ. നെൽബി പകലെന്നും, രാത്രിയെന്നും ഇല്ലാതെ ശിശുവിന്റെ കാര്യത്തിൽ ബദ്ധശ്രദ്ധാലു ആയിരുന്നു. കൂടാതെ ഡോ. റോണി ജോസഫ്, ഡോ. മെർലിൻ തോമസ്, ഡോ. റോസ് ജോളി, ബീന ഉമ്മൻ എന്നിവരടങ്ങിയ നിയോ നൈറ്റോളജി ടീമിന്റെ മേൽനോട്ടത്തിൽ 80 ദിവസങ്ങൾകൂടെ ഡിപ്പാർട്ട്മെന്റിൽതന്നെ പരിചരണം തുടർന്നു ആശുപത്രിയിലെ നിയോ നൈറ്റോളജി വിഭാഗത്തിൽ 97 ദിവസം പൂർത്തിയാക്കിയ ശിശുവിന്റെ തൂക്കം 2.16 കിലോഗ്രാമായി വർദ്ധിക്കുകയും ചെയ്തു. വീട്ടിലേക്കു പോകുമ്പോൾ ശിശു പൂർണ്ണ ആരോഗ്യം വീണ്ടെടുത്തു കഴിഞ്ഞിരുന്നു. ആശുപത്രി അധികൃതർ ഈ കുടുംബത്തിന് പ്രത്യേക ഉപഹാരങ്ങൾ നൽകുകയും ആ കുടുംബത്തെ പ്രാർത്ഥിച്ച് ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു.



# ലാപ്രോസ്കോപ്പിക് മായാജാലം

താക്കോൽദ്വാര ശസ്ത്രക്രിയയിൽ പ്രാവീണ്യം തെളിയിച്ച് തിരുവല്ല മെഡിക്കൽ മിഷനിലെ ഡോ. മായാ ശ്രീകുമാരി. ഇക്കഴിഞ്ഞ ആറ് മാസങ്ങൾക്കിടയിൽ 50 തിലധികം ലാപ്രോസ്ക്കോപ്പിക് സർജറികളാണ് ഇവിടെ വിജയകരമായി ഡോ. മായ നിർവഹിച്ചിട്ടുള്ളത്. അവയിൽ പലതും ഏറെ സങ്കീർണമായിരുന്നു.

ഏഴ് മാസം ഗർഭത്തിന്റെ വലിപ്പമുള്ള മുഴകൾ (ഫൈബ്രോയിഡ്) നിറഞ്ഞ ഗർഭപാത്രം താക്കോൽ പഴുതിലൂടെ നീക്കം ചെയ്യുക എന്നത് ഏറെ ദുഷ്ക്കരമായ ഒരു ദൗത്യം ആണ്. കഴിഞ്ഞ ദിവസം, കേവലം രണ്ടര മണിക്കൂർ കൊണ്ട് വിജയകരമായി ഇങ്ങനെ ഒരു സർജറി പൂർത്തിയാക്കുവാനായത് ഡോക്ടർക്കും, TMM നും ഏറെ ചാരിതാർത്ഥ്യം നൽകുന്നു. രോഗി ക്ഷേമത്തോടെ മൂന്നാം ദിവസം വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.



ഗർഭപാത്രം നിലനിർത്തിക്കൊണ്ടു തന്നെ ഉള്ളിലെ മുഴകൾ നീക്കം ചെയ്യുന്ന നൂതന ശസ്ത്രക്രിയയാണ്, ലാപ്രോസ്കോപ്പിക് മയോമെക്ടമി. തുടർന്നും സന്താനഭാഗ്യം ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഇത് വലിയ ആശ്വാസമാണ്. ഫൈബ്രോയിഡ് നീക്കം ചെയ്തതിനു ശേഷം ഗർഭപാത്രം തുന്നി പൂർവസ്ഥിതിയിലാക്കുന്ന ഈ പ്രക്രിയ വിജയകരമായി ഇവിടെ പല തവണ ഡോക്ടർ ചെയ്തു കഴിഞ്ഞു.

മോർസിലേറ്റർ ഉൾപ്പെടെയുള്ള ആധുനിക യന്ത്ര സംവിധാനങ്ങൾ ഇതിനു വേണ്ടി ടി. എം. എമ്മിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം അപൂർവ്വമായ നിരവധി താക്കോൽദ്വാര ഗർഭാശയ ശസ്ത്രക്രിയകൾ ഇവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

അന്തർദേശീയ പരിശീലനം നേടിയ, പ്രഗത്ഭരായ ഒരു സംഘം ഗൈനക്കോളജി ഡോക്ടർമാരുടെ സംയുക്തമായ ചികിത്സാ രീതിയാണ്, ഇപ്പോൾ ഇവിടെയുള്ളത്.




# ആത്മിക ശുശ്രൂഷകൾ

ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുക എന്നതാണ് ടി.എം.എമ്മിന്റെ മുഖ്യലക്ഷ്യം. എന്നാൽ കേവലം ശരീരത്തെ മാത്രമല്ല, മനസ്സിനെയും, ആത്മാവിനെയും ചികിത്സിക്കുക എന്ന ലക്ഷ്യം കൂടെ ടി.എം.എമ്മിനുണ്ട്. ഈ മൂന്ന് ഘടകങ്ങളുടെയും സംയുക്തമാണല്ലോ മനുഷ്യൻ.



ഈ ലക്ഷ്യത്തോടെ ചാപ്ലയിൻസി വിഭാഗം നിരന്തരം വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. പ്രഭാതധ്യാനം, ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ഡിപ്പാർട്ട്മെന്റ് പ്രാർത്ഥന, സായാഹ്നധ്യാനം, സന്ധ്യാപ്രാർത്ഥന എന്നീ പതിവ് പരിപാടികൾ കൂടാതെ മറ്റ് വിവിധ ശുശ്രൂഷകളും നടന്നുവരുന്നു. തൽഫലമായി നിരവധിയാളുകൾ പരമവൈദ്യനെ പരിചയപ്പെടുവാൻ ഇടയാകുന്നുണ്ട്.

- രോഗികൾക്കും സന്ദർശകർക്കും പ്രയോജനപ്പെടുംവിധം പ്രത്യേകം തയ്യാറാക്കിയ ട്രാക്റ്റും, ബുക്ക്ലറ്റുകളും പിന്നെ ബൈബിളുകളും ഓരോ മുറിയിലും പൊതുസ്ഥലത്തും വയ്ക്കുന്നു.
- ടി.എം.എം. സ്റ്റാഫിന്റെയും സമിതിയംഗങ്ങളുടെയും ആവശ്യങ്ങൾ പ്രാർത്ഥനയ്ക്കുവേണ്ടി വിജ്ഞാപനം ചെയ്യുന്ന പ്രയർ ജേർണൽ തയ്യാറാക്കുന്നു.
- സ്റ്റാഫ് അംഗങ്ങൾ ഒരുമിച്ച് ആഴ്ചയിൽ ഒന്നു വീതമുള്ള അപ്പർ റൂം പ്രയർ ഫെലോഷിപ്പ്
- പരസ്യ സ്ഥലങ്ങളിലുള്ള ഹീലിംഗ് മ്യൂസിക് ശുശ്രൂഷ
- സദ്വർത്തമാനം പങ്കുവയ്ക്കാൻ താല്പര്യമുള്ള സ്റ്റാഫിന് പരിശീലനം നൽകുന്ന മിഷൻ ഹീലിംഗ്
- അനുയോജ്യമായ ലിറ്ററേച്ചർ തയ്യാറാക്കി പ്രസിദ്ധീകരിക്കുക
- വ്യക്തിപരമായുള്ള കൗൺസിലിംഗ്
- ഡിസ്ചാർജ്ജ് ചെയ്തുപോയവരിൽ തല്പരരായവരെ അനുധാവനം ചെയ്ത് ആശ്വാസദൂത് നൽകുക



- സ്റ്റാഫിനും അവരുടെ കുട്ടികൾക്കും സംഗീതോപകരണങ്ങളിൽ പരിശീലനം നൽകുക
- മോർച്ചറിയിൽനിന്നും മൃതദേഹം എടുക്കാൻ വരുമ്പോൾ ദൈർഘ്യം കുറഞ്ഞ ആത്മീയശുശ്രൂഷകൾ ആവശ്യാനുസരണം നടത്തുക
- ലോകമെമ്പാടുമുള്ള ടി.എം.എം അഭ്യുദയകാംക്ഷികളെ സംഘടിപ്പിച്ച് വർഷത്തിലൊരിക്കൽ സ്നേഹക്കൂട്ടായ്മ നടത്തുക
- വർഷാവസാനം സംഘടിപ്പിക്കുന്ന 'ഒലിവ് ചില്ലകൾ പൂക്കുമ്പോൾ' എന്ന സംഗീത ശുശ്രൂഷ



എന്നിവ ഉൾപ്പടെ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ടി.എം.എം. വായനക്കാരിൽനിന്നും ക്രിയാത്മകമായ പരിപാടികൾക്കായി നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്യുന്നു.

## TMM CoN News



**Reji Sam Cherian**
President,
TMM CoN

TMM College of Nursing continues its Platinum Jubilee Celebrations.

Two new 50-seater buses are purchased and are now operational to cater to the growing needs of our student's transportation and enhanced security.




A Medical Camp is conducted on 3rd November at Mannamaruthy Hospital. Expert Doctors from TMM Hospital, Thiruvalla, together with the resident doctors at Mannamaruuty Hospital provided consultations. TMM College students supported the camp with education activities as part of their Clinical Program.





TMM College is currently engaged in the ongoing admission process for B.Sc. (N) and M.Sc. (N) for the academic year 2021.

Doctor's Diary

# മൂന്നര വയസ്സുകാരൻ വിഴുങ്ങിയ നാണയങ്ങൾ പുറത്തെടുത്തു

മൂന്നര വയസ്സുകാരൻ വിഴുങ്ങിയ നാണയങ്ങൾ പുറത്തെടുത്ത് ടി.എം.എം. വൈദ്യസംഘം. കുട്ടിയുടെ അന്നനാളത്തിൽ കുടുങ്ങിയ നാണയങ്ങൾ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിലാണ് പുറത്തെടുത്തത്. രണ്ട് നാണയങ്ങൾ വിഴുങ്ങിയ ചങ്ങനാശ്ശേരി സ്വദേശിയായ കുട്ടിയെ ഒരു ദിവസം രാത്രിയാണ് അത്യാഹിത വിഭാഗത്തിൽ എത്തിച്ചത്. എക്സ്റേയിൽ നാണയം അന്നനാളത്തിൽ കുടുങ്ങിയതായി കണ്ടെത്തി.

ഉടൻ ഗ്യാസ്ട്രോ എൻറോളജിസ്റ്റ് ഡോ. ജിജോ വർഗീസിന്റെ നേതൃത്വത്തിൽ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കുട്ടി



പുറത്തെടുത്ത നാണയങ്ങൾ

വിഴുങ്ങിയ രണ്ടു നാണയങ്ങളും പുറത്ത് എടുക്കുകയായിരുന്നു. കുട്ടി രാത്രി ആഹാരം കഴിച്ചിരുന്നതിനാൽ അനസ്തീസിയ നൽകാനായില്ല. അനസ്തീസിയ കൂടാതെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചതിനാൽ കുട്ടിയുടെ ചലനങ്ങൾ നാണയത്തിന്റെ സ്ഥാനമാറ്റത്തിന് കാരണമായി ശ്വാസകോശത്തിലേക്കോ മറ്റ് ആന്തരിക ഭാഗങ്ങളിലേക്കൊ തെന്നി മാറാൻ സാധ്യത ഏറെയായിരുന്നു.

ഡോക്ടറുടെയും സഹപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ കുട്ടിയെ രക്ഷിക്കാനായി. കുട്ടി ആശുപത്രി വിട്ടു.

## ഡോ. ജിജോ വർഗീസിന് അംഗീകാരം

ഏഷ്യ - പസഫിക് ഡൈജസ്റ്റീവ് വീക്ക് സമ്മേളനത്തിൽ ഡോ. ജിജോ വർഗീസിനെ യുവ ഗവേഷകനായി തെരഞ്ഞെടുത്തു. തിരുവല്ല മെഡിക്കൽ മിഷനിലെ കൺസൾട്ടന്റ് ഗ്യാസ്ട്രോ എന്ററോളജിസ്റ്റാണ് ഡോ. ജിജോ വർഗീസ്.

കേരളത്തിൽ നിന്നുള്ള ഒരു ഗവേഷന്റെ പ്രബന്ധം തെരഞ്ഞെടുത്ത് ആദരിക്കുന്നത് ഇതാദ്യമായിട്ടാണ്. A Noval Diagnostic Model for advanced Throsis in non alcoholic Given desease എന്നതായിരുന്നു പ്രബന്ധ വിഷയം.


## DEPARTMENT OF GASTROENTEROLOGY
ഉദരരോഗ വിഭാഗം



DR.JIJO VARGHESE
GASTROENTEROLOGIST (FULL TIME)
MBBS, MD (Medicine), DM (Gastro)

Non alcoholic fatty liver disease | Dyspepsia
Inflammatory bowel disease | Irritable bowel syndrome | Gastroesophageal reflux disease
Peptic ulcer disease | Liver and gastrointestinal cancer







ജി.എം.ഐ. ചെയർമാൻ ജോർജ്ജ് പി. ജോണിന് റ്റി.എം.എം. വൈസ് ചെയർമാൻ ജോൺ ബെഞ്ചമിൻ ഉപഹാരം നൽകുന്നു.



മന്ദമരുതിയിലെ ആന്റിജൻ ടെസ്റ്റ് ലാബ് ചെയർമാൻ സണ്ണി തോമസ് ഉദ്ഘാടനം ചെയ്യുന്നു

# ഓക്സിജൻ പ്ലാന്റ് ശിലാസ്ഥാപനം നിർവ്വഹിച്ചു

ഓക്സിജന്റെ കടുത്തക്ഷാമം കോവിഡ് രൂക്ഷമായിരുന്ന കാലഘട്ടത്തിൽ മറ്റ് ആശുപത്രികളെ എന്നതുപോലെ ടി.എം. എമ്മിനെയും ബാധിച്ചിരുന്നു. അതുകൊണ്ടാണ് സ്ഥാപനത്തിൽ തന്നെ ഒരു ഓക്സിജൻ പ്ലാന്റ് തുടങ്ങണമെന്ന് ഭരണസമിതി തീരുമാനിച്ചത്.

ഇക്കാര്യത്തിൽ സാമ്പത്തികമായ പിൻതുണ നൽകുവാൻ ജി.എം.ഐ. മുന്നോട്ട് വന്നപ്പോൾ കാര്യങ്ങൾ സുഗമമായി. ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ജി.എം.ഐ. ചെയർമാൻ ജോർജ്ജ് പി. ജോൺ ശിലാ സ്ഥാപനം നിർവ്വഹിച്ചു. ഈ സാമ്പത്തികവർഷംതന്നെ പ്ലാന്റ് പ്രവർത്തനക്ഷമമാകുമെന്ന് ചെയർമാൻ സണ്ണി തോമസ് പ്രത്യാശ പ്രകടിപ്പിച്ചു. ഭരണസമിതി അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.



# ഹീലിംഗ് മ്യൂസിക് ആരംഭിച്ചു



രോഗികൾക്കും കൂടെ വരുന്നവർക്കും മനശാന്തിയും സമാധാനവും സമ്മാനിക്കുന്ന ഹീലിംഗ് മ്യൂസിക് പരിപാടി ടി.എം.എമ്മിൽ ആരംഭിച്ചു. ടി.എം.എമ്മിലെ സ്റ്റാഫ് ടീമിൽ ഉള്ളവർ തന്നെയാണ് ഈ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്. റിസപ്ഷൻ ഏരിയയുടെ സമീപത്തും, സമാനമായ മറ്റ് ഇടങ്ങളിലും ലളിതമായ പശ്ചാത്തല സംഗീതത്തോടെ മനസ്സിനെ കുളിർപ്പിക്കുകയും ആത്മിക അവബോധം നൽകുകയും ചെയ്യുന്ന ഗാനങ്ങൾ അവതരിപ്പിക്കുക എന്നതാണ് പരിപാടി.

ഇപ്പോൾ ശനിയാഴ്ചകളിലും ബുധനാഴ്ചകളിലുമാണ് പ്രോഗ്രാം നടത്തപ്പെടുന്നത്. സാധ്യമെങ്കിൽ പതിവ് പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതെ മറ്റ് പ്രവർത്തി ദിവസങ്ങളിലും ഇത് ആവർത്തിക്കാൻ ആഗ്രഹിക്കുന്നു.

# വൃക്കരോഗികളെ സഹായിക്കാം

വൃക്കരോഗികളുടെ സംഖ്യ ഈ നാളുകളിൽ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഡയാലിസിസ് ചെയ്യുന്നവരുടെ എണ്ണവും കൂടുതലാണ്. എന്നാൽ സാധുക്കളായ രോഗികൾക്ക് ആഴ്ചയിൽ മൂന്നും നാലും വീതം ഡയാലിസിസ് ചെയ്യുവാൻ സാധിക്കാതെയാണിരിക്കുന്നത്. ഇവരെ സഹായിക്കുവാൻ റ്റി.എം.എം. ഒരു കോർപ്പസ് ഫണ്ട് ക്രമീകരിക്കുന്നു. നിങ്ങളുടെ ഉദാരമായ സംഭാവനകൾ രോഗികൾക്ക് നൽകി ഈ സദുദ്യമത്തിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.






# മെഡിക്കൽ ടീമിന്റെ വാതിൽപ്പടി സേവനം

ആശുപത്രിയുടെ 30 കി.മീ. പരിധിയിലുള്ള ഭവനങ്ങളിൽ പാർക്കുന്ന മുതിർന്ന രോഗികളെ വീടുകളിലെത്തി പരിശോധിക്കുവാനും, ചികിത്സ നൽകുവാനും വേണ്ടി ഹോം കെയർ സേവനം ആരംഭിച്ചിരിക്കുന്നു. ആത്മിക സഹായവും നൽകുന്നു. ആവശ്യക്കാർ ഫോണിൽ ബന്ധപ്പെട്ടാൽ ഒരു ഡോക്ടറും, നഴ്സും പരിശോധകസംഘവും അടങ്ങുന്ന ടീം വീടുകളിലെത്തി മരുന്ന് നൽകുകയും അവരോടൊപ്പം കുറെ സമയം പ്രാർത്ഥനയിൽ ചെലവഴിക്കുകയും ചെയ്യും. ഞായർ, പൊതു അവധി ദിനങ്ങൾ എന്നിവ ഒഴിച്ചുള്ള ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും ഈ സേവനം ലഭ്യമാകുക. സേവനം വേണ്ടവർ ബന്ധപ്പെടേണ്ട വിലാസം : 9446355111




# ഡോക്ടേഴ്സ് ഫെലോഷിപ്പ്

ചാപ്ളിയൻസി ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ ഡോക്ടർമാരുടെ അപ്പർ റൂം ഫെലോഷിപ്പ് പതിവായി നടന്നുവരുന്നു. എല്ലാ വ്യാഴാഴ്ചകളിലും ഉച്ചയ്ക്ക് 3.15 ന് ടി.എം.എമ്മിലെ ഡോക്ടർമാർ ചാപ്പലിൽ ഒരുമിച്ചു കൂടി ദൈവത്തെ മഹത്വപ്പെടുത്തുകയും വചനം പഠിപ്പിക്കുകയും ചെയ്യുന്നു. ഡോക്ടർമാർ തന്നെയാണ് തിരുവചന ചിന്തകൾ പങ്കുവയ്ക്കുന്നതും.




## കാപ്സ്യൂൾ



ജോർജ്ജ് കോശി
മൈലപ്ര

# സമഗ്രവികസനം

റ്റി.എം.എം. 86–ാം വയസ്സിലേക്ക് പദമൂന്നിയിരിക്കുന്നു. എങ്കിലും യൗവനത്തുടിപ്പോടെതന്നെ ആശുപത്രി മുന്നോട്ട് കുതിക്കുകയാണ്. കോവിഡ് എന്ന മഹാമാരി മനുഷ്യരെ വല്ലാതെ ഉലച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഉണ്ടാകുന്ന രോഗങ്ങളുടെ പട്ടികയിൽ കോവിഡാനന്തര രോഗങ്ങൾക്കും പ്രമുഖ സ്ഥാനമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഒരുവർഷം 8 ലക്ഷം പേർ ലോകത്ത് ആത്മഹത്യയിലൂടെ ജീവിതം ഉപേക്ഷിക്കുന്നു. അതിൽ 2 ലക്ഷം പേരും ഇന്ത്യയിലാണ് എന്നാണ് കരുതപ്പെടുന്നത്. വർധിച്ചുവരുന്ന മാനസിക പ്രശ്നങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ആത്യന്തികമായി ആത്മികപ്രശ്നങ്ങൾ ഇതിന്റെയെല്ലാം മീതെ അശനിപാതമായി തീരുകയുമാണ്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ആശുപത്രിയുടെ പ്രസക്തി വർധിക്കുന്നത്.

വർദ്ധിതവീര്യത്തോടെ ആശുപത്രിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി നാം ഒരുമിച്ചു നിൽക്കേണ്ട സമയമാണിത്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്. അതോടൊപ്പം സചേതനമായ ആത്മാവ്. ഈ ലക്ഷ്യത്തോടെ തന്നെ നമ്മുടെ സ്ഥാപനം പുരോഗമിക്കുവാൻ നമുക്ക് തുടർന്നും കൈകോർത്ത് പ്രവർത്തിക്കാം. പോരായ്മകൾ പരിഹരിച്ച് മുന്നേറാം.






ജോൺ ബെഞ്ചമിൻ
വൈസ് ചെയർമാൻ

ടി.എം.എമ്മിലെ സ്പിരിച്ച്വൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്നേഹക്കൂട്ടായ്മ എന്ന പേരിൽ ഒരു അന്തർദ്ദേശീയ ആത്മികസംഗമം സൂം പ്ലാറ്റ്ഫോമിൽ നടന്നു. ആശുപത്രിയോട് ദൈവം കാണിക്കുന്ന കരുതലുകൾക്കായി ദൈവത്തെ സ്തുതിക്കുവാനും പ്രാർത്ഥിക്കുവാനും വേണ്ടിയാണ് ഈ കൂട്ടായ്മ സംഘടിപ്പിച്ചത്. വിവിധ ലോകരാഷ്ട്രങ്ങളിൽനിന്നായി 300ലധികം പേർ പങ്കെടുത്തു. കേണൽ (റിട്ട) അലക്സ് വർഗീസ് അധ്യക്ഷനായിരുന്നു. ജി.എം.ഐ. പ്രസിഡന്റ് ജോർജ്ജ് എസ്. മാത്യു ഉദ്ഘാടനം ചെയ്തു. കെ.എ. ഫിലിപ്പ്, രാജുകോശി (സ്റ്റീവാർഡ്സ് സെക്രട്ടറി) ജോർജ് പി. ജോൺ (യു.എസ്.എ.), ജോർജ്ജ് മാത്യു (ക്യാനഡ) ഇ.ജെ. സ്റ്റീഫൻ (മുംബൈ), ജോൺ ബഞ്ചമിൻ, ജോർജ്ജ് കോശി, ബെന്നി ഫിലിപ്പ്, ടിങ്കിൾ പോൾ, ഈട്ടിക്കൽ കുഞ്ഞുമോൻ, എൽസി ബേബി, ഗ്രേസ് ജോജൻ എന്നിവർ വിവിധ ശുശ്രൂഷകളിൽ പങ്കെടുത്തു. ഡോക്ടർമാർ, ഭരണസമിതി അംഗങ്ങൾ, ടി.എം.എം. ഗുണഭോക്താക്കൾ തുടങ്ങിയവരും പങ്കെടുത്തു. വളരെ അനുഗ്രഹീതമായ ഒരു ആത്മിക സംഗമമായിരുന്നു സ്നേഹക്കൂട്ടായ്മ.

# General body members of Dewan Bahadur Dr. V. Verghese Hospital Trust Association


Sunny Thomas
(Chairman)


John Benjamin
(Vice Chairman)


Benny Philip
(Secretary)


Jacob John
(Jt. Secretary)


Ebby George
(Treasurer)


Raju Thomas
(Jt. Treasurer)


George Koshy


Sam Parayil


Sabu Abraham


Thomas John


Peter Joseph


Reji Sam Cherian


Jacob Mathew


Jacob Alexander


Jaison James


Reji Johnson


Dr. Jaison V.


Biju Abraham


Denny John


Sunny Philip


Anil Rajan


Biju Varghese


Alexkutty M.P.


Toby Skariah




